LIBRARY ARCHIVES Kerala Legislative Assembly

ഇരുമ്പയിര് തട്ടിപ്പ് കേസ്

205 (3027) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇരുമ്പയിര് തട്ടിപ്പ് കേസ്സിൽ കർണ്ണാടക പോലീസിന്റെ പിടിയിലായ ചങ്ങനാശ്ശേരി സ്വദേശി ഫിലിപ്പിന് കേരള പോലീസിൽനിന്ന് വിവരങ്ങൾ ചോർത്തിക്കിട്ടിയെന്ന റിപ്പോർട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇപ്പോൾ പാലയിൽ ആഡംബര ബംഗ്ലാവ് നിർമ്മിച്ച് താമസിക്കുന്ന ഫിലിപ്പിനെതിരെ ചങ്ങനാശ്ശേരിയിലോ പാലയിലോ കേരളത്തിൽ എവിടെയെങ്കിലുമോ കേസ്സുകൾ വല്ലതും നിലനിൽക്കുന്നുണ്ടോ ;

(സി) കനറാ ബാങ്കിൽനിന്നും കോടിക്കണക്കിന് രൂപ തട്ടിയെടുത്ത കേസ്സിൽ ജയിലിൽ ആയിരുന്ന ജെ. ഫിലിപ്പ് ഗസറ്റ് വിജ്ഞാപനം വഴി പുതിയ പേര് സ്വീകരിച്ചതായുള്ള റിപ്പോർട്ടുകൾ ശരിയാണോ ;

(ഡി) കർണ്ണാടക പോലീസിന്റെ നീക്കങ്ങൾ ഫിലിപ്പിന് ചോർത്തിക്കൊടുത്തതായി പരാതിയുള്ളതായി പറയപ്പെടുന്ന കേരള പോലീസ് സേനയിലെ അംഗങ്ങളെക്കുറിച്ച് അന്വേഷിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സംസ്ഥാനത്ത് ടി വിഷയം സംബന്ധിച്ച കേസ്സുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇത്തരം പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സാമ്പത്തിക തട്ടിപ്പ് കേസ്സുകൾ

206 (3028) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതേവരെ രജിസ്റ്റർ ചെയ്ത സാമ്പത്തിക തട്ടിപ്പ് കേസ്സുകളുടെ എണ്ണം വ്യക്തമാക്കാമോ ;

(ബി) ഓരോ കേസ്സിലും എത്ര രൂപയുടെ തട്ടിപ്പാണ് നടന്നതെന്നും സംസ്ഥാനത്താകെ എത്ര കോടി രൂപയുടെ തട്ടിപ്പുകളാണ് നടന്നതെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാമ്പത്തിക തട്ടിപ്പുകൾ സംബന്ധിച്ച് 9493 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഓരോ കേസ്സിന്റെയും അന്വേഷണം പൂർത്തിയായാൽ മാത്രമേ എത്ര കോടിരൂപയുടെ തട്ടിപ്പ് നടന്നുവെന്നത് വ്യക്തമാവുകയുള്ളൂ. എന്നാൽ സംസ്ഥാനത്തൊട്ടാകെ രജിസ്റ്റർ ചെയ്ത 9493 കേസ്സുകളിൽ ഏകദേശം 11,46,88,75,416 രൂപയുടെയും 500 യു.എസ്. ഡോളറിന്റെയും 73 Sovereign Gold-ന്റെയും തുകയുടെ തട്ടിപ്പാണ് നടന്നിട്ടുള്ളതെന്ന് അറിവായിട്ടുണ്ട്.

കോഴിക്കോട് വിമാനത്താവളത്തിലെ വെടിവയ്പ്

207 (3029) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് വിമാനത്താവളത്തിലെ വെടിവയ്പിനും ഒരു സി.ഐ.എസ്.എഫ്. ജവാൻ മരണപ്പെടാനും ഇടയാക്കിയ സംഭവത്തെക്കുറിച്ച് വിശദമായ അന്വേഷണം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സംഭവം സംബന്ധിച്ച് ഏതെല്ലാം കേസ് എടുത്തിട്ടുണ്ടെന്നും ആരെയെല്ലാം അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(സി) വിമാനത്താവളത്തിലെ വിവിധ വിഭാഗങ്ങൾ തമ്മിലുള്ള പ്രശ്നങ്ങൾ ക്രമസമാധാന പ്രശ്നമായി വളരുന്നത് തടയാനും യാത്രക്കാർക്കും മറ്റും സുരക്ഷിതത്വം നൽകുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ;

(ഡി) വിമാനത്താവളത്തിൽ ആവശ്യമെങ്കിൽ കേരള പോലീസിന്റെ സുരക്ഷയും കൂടി ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കോഴിക്കോട് വിമാനത്താവളത്തിലുണ്ടായ വെടിവയ്പിൽ ഒരു സി.ഐ.എസ്.എഫ്. ജവാൻ മരണപ്പെടാൻ ഇടയാക്കിയ സംഭവത്തിൽ കരിപ്പൂർ പോലീസ് സ്റ്റേഷനിൽ 4 ക്രൈം കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസ്സുകളിൽ ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നു.

(ബി) ഇതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസ്സുകളുടെയും അറസ്റ്റുചെയ്ത പ്രതികളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly